പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3008 21.6.2013 ലെ മറുപടിക്ക്

## ഗൾഫ് മലയാളികൾക്കുള്ള സഹായങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് നോർക്കയിൽ നിന്നും വിവിധ തരത്തിലുള്ള സഹായങ്ങൾ ലഭിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എയും ബിയും )<br>പ്രവാസി മലയാളികൾക്കായി നോർക്ക വകുപ്പ് ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഗൾഫ് മലയാളികൾക്കായി പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സഹായങ്ങളാണ് ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് നോർക്ക വഴി ലഭ്യമാകുക എന്നും വെളിപ്പെടുത്തുമോ? | (സി) പ്രവാസി മലയാളികൾക്ക് തിരിച്ചറിയൽ രേഖയായി എൻ. ആർ. കെ. ഐ. ഡി കാർഡ് വിതരണം, തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള 'ചെയർമാൻ ഫണ്ട്', നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന', വിദേശത്ത് മരണമടയുന്ന പ്രവാസി കേരളീയരുടെ മൃതശരീരം സ്വദേശത്ത് കൊണ്ടു വരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം', വിദേശ രാജ്യങ്ങളിൽ ജയിൽ |

മോചിതരാകുന്നവരെ നാട്ടിലെത്തിക്കുന്ന 'സ്വപ്ന സാഫല്യം', നോർക്കയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിവരം നല്കുന്ന 'കാൾ സെന്റർ' തിരികെയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി എന്നിവയാണ് പ്രവാസികൾക്ക് നോർക്ക വകുപ്പ് മുഖേന നല്കുന്ന പ്രധാന സേവനങ്ങൾ.

പ്രവാസികൾ വിദേശത്തായിരിക്കുമ്പോൾ അവരുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന പരിഹാരം കണ്ടെത്തുന്നതിനും വിദേശത്ത് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട രാജ്യങ്ങളിലെ എംബസികൾ മുഖേനയും നോർക്ക വകുപ്പ് സഹായം നൽകി വരുന്നു. കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പെൻഷന് പുറമേ അംഗങ്ങൾക്കായുള്ള വിവാഹ ധനസഹായം, പ്രസവാനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നിവയും ക്ഷേമ നിധിയിൽ അംഗങ്ങളായ പ്രവാസികൾക്ക് അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ